**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** — **27-01-2026 - ൽ മറുപടിയ്ക്ക്**

**അവയവമാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവന്നിരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടന്നു വന്നിരുന്ന അവയവ മാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നടത്താൻ കഴിയുന്നത് സർക്കാരിന്റെ അഭിമാന നേട്ടമായി കരുതുന്നു. വിവിധ അവയവസ്തംഭനം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കു അവയമാറ്റം മാത്രമാണ് ഏക ചികിത്സാമാർഗം. ഏറെ ചെലവ് വരുന്ന പ്രസ്തുത ചികിത്സ സാധാരണ ആളുകൾക്കും ലഭ്യമാകുന്ന രീതിയിൽ തികച്ചും സൗജന്യമായി ചെയ്യുന്നതിന് സർക്കാർ ആശുപത്രികൾ മുഖാന്തിരം സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, എറണാകുളം ജനറൽ ആശുപത്രിയിലും അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഒരുക്കി വളരെ നല്ല രീതിയിൽ ശസ്ത്രക്രിയകൾ നടന്നു വരുന്നുണ്ട്. ഒരു ജനറൽ ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ലഭ്യമാക്കുന്നത് രാജ്യത്ത് തന്നെ ആദ്യമായിട്ടാണ്. കൂടാതെ രാജ്യത്ത് ആദ്യമായി ഒരു ജനറൽ ആശുപത്രിയിൽ ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തുന്നതും എറണാകുളം ജനറൽ ആശുപത്രിയിൽ വച്ചാണ്. ഇത്തരത്തിൽ അവയവമാറ്റ ശസ്ത്രക്രിയ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാകുന്ന വമ്പിച്ച മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിന് ആവശ്യമായ പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; അറിയിക്കാമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവ ആരംഭിച്ചു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ത്വക്ക്, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ആരംഭിക്കുകയും ത്വക്ക് ബാങ്ക് പ്രവർത്തനസജ്ജമാകുകയും ചെയ്തു. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചു. |
| (സി) | നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഏതെല്ലാം അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുന്നുണ്ടെന്നുള്ള വിവരം ലഭ്യമാണോ; അറിയിക്കാമോ; | (സി) | സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഒരു ജനറൽ ആശുപത്രിയിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>വൃക്ക</u>**<br>1. സർക്കാർ മെഡിക്കൽ കോളജ്, തിരുവനന്തപുരം<br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br>3. സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ<br>4. സർക്കാർ മെഡിക്കൽ കോളജ്, കോഴിക്കോട്<br>5. ജനറൽ ആശുപത്രി, എറണാകുളം<br><br>**<u>കരൾ</u>**<br>1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.<br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>**<u>ഹൃദയം</u>**<br>1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br>2. ജനറൽ ആശുപത്രി, എറണാകുളം<br><br>**<u>ശ്വാസകോശം</u>**<br>1. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>കൂടാതെ റീജിണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, തിരുവനന്തപുരം, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളജ്, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കോർണിയ മാറ്റ ശസ്ത്രക്രിയകൾക്കുമുള്ള സൗകര്യവും ലഭ്യമാണ്. |
| (ഡി) | സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവമാറ്റ | (ഡി) | അവയമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി എറ്റവും വൈഷമ്യം |

| | |
|---|---|
| ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ? | നേരിടുന്നവർക്ക് പോലും ആശ്രയിക്കാവുന്ന ഒരു ചികിത്സാമാർഗമായി അവയമാറ്റ ശസ്ത്രക്രിയകൾ മാറ്റുന്നതിനും സമഗ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ, നാല് മെഡിക്കൽ കോളേജുകളിൽ ശ്വാസകോശം, ഹൃദയം ഉൾപ്പെടെയുള്ള അവയമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എറണാകുളം ജനറൽ ഹോസ്പിറ്റലിലും ഹൃദയം, വൃക്ക എന്നീ അവയവങ്ങൾ മാറ്റിവയ്ക്കാനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അവയവമാറ്റ രംഗത്ത് നാഴികക്കല്ലാവാൻ പോകുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ സ്ഥാപിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 643.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 60 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു. ചേവായൂരിലെ പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതിന് മുൻപ് തന്നെ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ PMSSY ബ്ലോക്കിൽ താത്കാലികമായി ചികിത്സാസൗകര്യം ആരംഭിക്കുന്നതിനുളള നടപടികൾ പൂർത്തിയായി വരുന്നു.<br><br>കേരളത്തിലെ അവയവദാന വിന്യാസത്തിൽ കെ-സോട്ടോ നിർണായകമായ പങ്കുവഹിക്കുന്നു. ഈ മേഖലയിൽ സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകളും മാതൃകാ പ്രവർത്തന നടപടിക്രമങ്ങളും (SOP) വികസിപ്പിക്കാൻ ഒരു വിദഗ്ധ പ്രവർത്തന സംഘത്തെയും (Expert Working Group) ഓരോ അവയവങ്ങൾക്കും പ്രത്യേക വൈദഗ്ധ്യമുള്ള കമ്മിറ്റികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് അവയവദാനം നടക്കുന്ന അവസരങ്ങളിൽ അവയവങ്ങൾ അതിവേഗം വിവിധ ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ എത്തിക്കുന്നതിനായി സർക്കാർ സഹായത്തോടെ ഹെലികോപ്റ്റർ, ഗ്രീൻ ചാനൽ എന്നിവ ഒരുക്കിയിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്തെ ICU, empanelled ഡോക്ടർമാർക്ക് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുളള പരിശീലനങ്ങൾ നൽകി വരുന്നു. കൂടാതെ വിവിധ ആശുപത്രികളിലെ ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർമാർക്ക് അവയവദാനം സംബന്ധിച്ച് രോഗികളെയും അവരുടെ ബന്ധുക്കളെയും ബോധവത്കരിക്കുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. അവയവദാനത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രാധാന്യം ജനങ്ങളിലെത്തിക്കാൻ 'ജീവനേകാം ജീവനാകാം' എന്ന പേരിൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ നടപ്പാക്കി. അതിന്റെ രണ്ടാം ഘട്ടം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. മരണാനന്തര അവയവദാനം ചെയ്ത വ്യക്തികളോടുള്ള ആദരസൂചകമായി സംഘടിപ്പിച്ച 'സ്മൃതി വന്ദനം' പരിപാടി ഇനി മുതൽ എല്ലാ വർഷവും ദേശീയ അവയവദാന ദിനത്തിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കും. ദാതാക്കളുടെ ഓർമ്മയ്ക്കായി 'വാർ മെമ്മോറിയൽ' മാതൃകയിൽ അവരുടെ പേരുകൾ ആലേഖനം ചെയ്ത പൊതുസ്മാരകം സർക്കാർ സഹകരണത്തോടെ നിർമ്മിക്കാനുള്ള പദ്ധതിയും സജീവ പരിഗണനയിലാണ്. തിരുവനന്തപുരം ജില്ലാ കലകടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജീവൻദാനം ക്യാമ്പയിൻ ശ്രദ്ധയാകർഷിച്ചിരുന്നു. പദ്ധതി കലക്ടറേറ്റിലും ജില്ലയിലെ നാലായിരം കുടുംബശ്രീ പ്രവർത്തകർക്കിടയിലും പ്രചാരണം നടത്താൻ കാരണമാവുകയും നിരവധി റവന്യൂ, കുടുംബശ്രീ എന്നീ മേഖലകളിലെ അനേകം ജീവനക്കാർ അവയവദാന പ്രതിജ്ഞ എടുക്കുകയും ചെയ്തു. സർക്കാരിന്റെ പൊതുജന സമ്പർക്ക പരിപാടികളിൽ കെ-സോട്ടോയുടെ സ്ഥിരം സാന്നിധ്യം ഉണ്ടാവുകയും അത് അവയവദാന അവബോധം സൃഷ്ടിക്കുന്നതിന് അവസരമാകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ